No. CEE/1999/MDS-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2021
## ആദ്യഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2021–22 വർഷത്തെ ബിരുദാനന്തര ബിരുദ ദന്തൽ (പിജി ദന്തൽ) കോഴ്സിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കുകയും ഓപ്ഷൻ സമർപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികളുടെ ആദ്യഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. സർവ്വീസ് ക്വാട്ട, സ്വാശ്രയ ദന്തൽ കോളേജുകളിലെ മൈനോറിറ്റി ക്വാട്ട, NRI ക്വാട്ട എന്നീ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ നടത്തിയിട്ടില്ല. അപേക്ഷാർത്ഥികൾ ഓൺലൈൻ അപേക്ഷയോടൊപ്പം ക്ലെയിം ചെയ്ത കമ്മ്യൂണിറ്റി/കാറ്റഗറി അനുസരിച്ചാണ് ആദ്യഘട്ട അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഓൺലൈൻ അപേക്ഷയുടെയും സർട്ടിഫിക്കറ്റുകളുടെയും സൂക്ഷ്മ പരിശോധന വേളയിൽ ആവശ്യപ്പെട്ടിരുന്ന കാറ്റഗറി /കമ്മ്യൂണിറ്റി സംബന്ധിച്ച ശരിയായ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയാത്തവരുടെ കാറ്റഗറി/കമ്മ്യൂണിറ്റി ക്ലെയിം റദ്ദാക്കുന്നതും ഈ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് പ്രസ്തുത കാറ്റഗറി /കമ്മ്യൂണിറ്റി മുഖാന്തിരം ആണെങ്കിൽ അത് റദ്ദാകുന്നതുമാണ്.. ഇത്തരം അപേക്ഷകരെ ജനറൽ കാറ്റഗറി വിഭാഗത്തിൽ ഉൾപ്പെടുത്തി ശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ മാത്രം പരിഗണിച്ച് അവശേഷിക്കുന്ന ഒഴിവുകളിലേക്കായി മാത്രമായിരിക്കും തുടർന്നുള്ള അലോട്ട്മെന്റിൽ ഉൾപ്പെടുത്തുക.

ആദ്യഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ കോളേജ് പ്രവേശനം സംബന്ധിച്ച വിശദമായ ഷെഡ്യൂൾ വിജ്ഞാപനം വഴി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നം. 0471 2525300

തിരുവനന്തപുരം

05.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**